പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3892 11.11.2019 ൽ മറുപടിക്ക്

## ശാന്തിവിള ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നേമം നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ശാന്തിവിള സർക്കാർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഓഫീസ് സ്റ്റാഫിനേയും നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിയ്ക്കുമോ; | (എ) | നേമം നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ശാന്തിവിള സർക്കാർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഓഫീസ് സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | ആശുപത്രി കെട്ടിടത്തിന്റെ മുകളിലത്തെ നില രോഗികൾക്കും മറ്റും ഉപയോഗിക്കുവാനായി ലിഫ്റ്റോ മറ്റ് സൗകര്യങ്ങളോ നിർമ്മിയ്ക്കുവാൻ ആവശ്യമായ നടപടി ഉണ്ടാകുമോ; | (ബി) | നേമം താലൂക്ക് ആശുപത്രിയ്ക്ക് മുൻവശത്തുള്ള ഇരുനില കെട്ടിടം റോഡിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്നു. ടി കെട്ടിടത്തിന് ലിഫ്റ്റ് നിർമ്മിക്കുന്നതിനായി ശ്രമിച്ചപ്പോൾ റോഡ് വീതി കൂട്ടുന്ന പ്രശ്നം ഉള്ളതിനാലും അത്യാഹിത വിഭാഗത്തിന്റെ സമീപത്ത് ലിഫ്റ്റ് നിർമ്മിച്ചാൽ സ്ഥലപരിമിതി നിമിത്തം ആശുപത്രിയിൽ ചികിത്സയ്ക്കായി വരുന്ന രോഗികൾക്ക് തടസ്സമായതിനാലും കെട്ടിടത്തിന്റെ മുൻഭാഗത്ത് ലിഫ്റ്റ് നിർമ്മിക്കുന്നതിന് നാട്ടുകാർ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ കെട്ടിടത്തിന്റെ പുറക് വശത്തായി ലിഫ്റ്റ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | റസിഡൻസ് അസോസിയേഷനുകളും ജനപ്രതിനിധികളും നിരന്തരം ആവശ്യപ്പെട്ടിട്ടും ഈ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ ഉണ്ടാകുന്ന അലംഭാവം പരിഹരിക്കുവാൻ തയ്യാറാകുമോ? | (സി) | ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം പുതിയ കെട്ടിടം നിർമ്മിക്കുന്നതുൾപ്പടെയുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ